**കോന്നി നിയോജകമണ്ഡലത്തിലെ 33 കെ.വി. സബ്സ്റ്റേഷന്റെ പണി**

**95 (247)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പണി ടെണ്ടർ ചെയ്യാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ 33 കെ.വി. സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കോന്നി 33 കെ.വി.സബ്സ്റ്റേഷന്റെ പ്രവർത്തനത്തിനായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 4 (1) നോട്ടിഫിക്കേഷനുള്ള നടപടികൾ പൂർത്തിയായിരുന്നു.

(ബി) ഉടമസ്ഥാവകാശം കെ. എസ്.ഇ.ബി.ക്ക് കൈമാറിയിട്ടില്ല. നെഗോഷ്യേറ്റഡ് പർച്ചേസിന് ഉടമസ്ഥൻ സമ്മതിച്ചിട്ടില്ല.

(സി) സ്ഥലം ലഭിക്കാത്തതുകൊണ്ട് ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) സ്ഥലം ലഭിച്ചാലുടനെ പണി ആരംഭിക്കുന്നതാണ്.

**എഴുകോൺ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിൽ ആരംഭിക്കുന്ന സബ്സ്റ്റേഷനുകൾ**

**96 (248)** ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിൽ എവിടെയൊക്കെയാണ് 33 കെ.വി.സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കാലതാമസം കൂടാതെ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly